**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1978** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഐ.ടി. കമ്പനികളെ ആകർഷിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പ്രധാനപ്പെട്ട എത്ര ആഗോള കമ്പനികൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | ടെക്നോപാർക്കിൽ 21-ഉം ഇൻഫോപാർക്കിൽ 19-ഉം പ്രധാനപ്പെട്ട ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നു |
| (ബി) | കൂടുതൽ ഐ.ടി. കമ്പനികളെ കേരളത്തിലേക്ക് കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ബി) | ഐ ടി കമ്പനികളെ കേരളത്തിലേക്ക് കൊണ്ടുവരികയെന്ന ലക്ഷ്യത്തോടെഐ.ടി/ ഐ.ടി.ഇ.എസ് മേഖലകളിലെ 20- ഓളം വൻകിട കമ്പനികളെയും, ദേശീയ - അന്തർദേശീയ തലങ്ങളിൽ പ്രവർത്തിക്കുന്ന ബി.പി.ഒ ഉൾപ്പെടെയുള്ള പ്രമുഖ ഐ.ടി കമ്പനികളെയും കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള നടപടികൾപുരോഗമിക്കുന്നു.<br><br>സർക്കാർ പങ്കാളിത്വത്തോടുകൂടി സ്വകാര്യ സംരംഭകരെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ദേശീയ അന്തർദേശീയ തലങ്ങളിൽ നടക്കുന്ന ഐ.ടി മേളകൾ, സെമിനാറുകൾ, കോൺഫെറൻസുകൾ, വർക്ക്ഷോപ്പുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നതിനും, കേരളത്തിലെ ഐ.ടി/ ഐ.ടി.ഇ.എസ് മേഖലയിൽ സജ്ജമാക്കിയിരിക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ, മാനവശേഷി ലഭ്യത, നിക്ഷേപ സാധ്യതകൾ തുടങ്ങിയവ മനസ്സിലാക്കികൊടുക്കുക വഴി കൂടുതൽ തദ്ദേശ/ വിദേശ നിക്ഷേപങ്ങൾ കേരളത്തിലേക്ക് ആകർഷിക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനു പുറമെ സംസ്ഥാന ഐ.ടി. മേഖലയെ രാജ്യത്തിന്റെ മുൻനിരയിലേക്ക് കൊണ്ടുവരുന്നതിനായി നടപ്പിലാക്കേണ്ട പദ്ധതികൾക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു ഹൈപവർ ഐ.ടി. കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് ഐ.ടി വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും, ഈ മേഖലയിൽ തൊഴിൽ |

| | | | |
|---|---|---|---|
| | | | അന്വേഷിക്കുന്നവർക്കും, ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ